## ലിസി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസ്

*(formerly കോളേജ് ഓഫ് മെഡിക്കൽ ലബോറട്ടറി ടെക്നോളജി, ലിസി മെഡിക്കൽ ആൻഡ് എജ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്)*

## എറണാകുളം

## മേല്പറഞ്ഞ കോളേജിന് കീഴിലുള്ള BSc MLT കോഴ്സിന് അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട മാർഗനിർദ്ദേശങ്ങൾ

* അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ 29-05-2019, 3.00 pm മുതൽ സാധിക്കുന്നതാണ്.

* ഓൺലൈൻ വഴി അപേക്ഷകൾ സമർപ്പിക്കാവുന്ന അവസാന തീയതി 30-06-2019.

* 2019-2020 വർഷത്തേക്കുള്ള BSc MLT കോഴ്സിൻ്റെ പ്രോസ്പെക്ട്സ് www.limen.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

* അപേക്ഷ പൂരിപ്പിക്കുന്നതിന് മുൻപായി അപേക്ഷാർത്ഥികൾ BSc MLT കോഴ്സിൻ്റെ പ്രോസ്പെക്റ്റ്സിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ മുഴുവനും വായിച്ചു മനസ്സിലാക്കിയിരിക്കണം (BSc MLT കോഴ്സിൻ്റെ പ്രോസ്പെക്ട്സ് www.limen.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.)

### അപേക്ഷാഫോറം ഓൺലൈനായി സമർപ്പിക്കുന്നതിന് നാലു ഘട്ടങ്ങൾ ആണുള്ളത്:

1. അപേക്ഷ ഫീസ് അടക്കുക

2. ഞങ്ങളുടെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക

3. അപേക്ഷ ഫോം ഓൺലൈനിൽ പൂരിപ്പിച്ചു സമർപ്പിക്കുക.

4. പൂരിപ്പിച്ച അപേക്ഷ ഫോം പ്രിന്റ് എടുത്തു സർട്ടിഫിക്കറ്റുകളുടെ കോപ്പികൾക്കൊപ്പം കോളേജ് ഓഫീസിൽ എത്തിക്കുക.

### അപേക്ഷ ഫീസ് അടക്കാൻ ചെയ്യേണ്ടത്:

ഡിഡി ആയാണ് അപേക്ഷ ഫീസ് അടക്കുന്നതെങ്കിൽ: ഏതെങ്കിലും ബാങ്കിൽ നിന്ന് DD (Rs 650/-), *കോളേജ് ഓഫ് മെഡിക്കൽ ലബോറട്ടറി ടെക്നോളജി payable at Ernakulam* എന്ന പേരിൽ മാറാവുന്നത് എടുക്കുക.

*അല്ലെങ്കിൽ*

Net banking / ക്രെഡിറ്റ് കാർഡ് എന്നിവ ഉപയോഗിച്ചാണ് നിങ്ങൾ അപേക്ഷ ഫീസ് അടക്കുന്നതെങ്കിൽ, താഴെ പറയുന്ന കാര്യമാണ് പിന്തുടരേണ്ടത്:

- www.limen.in എന്ന വെബ്സൈറ്റിൽ NEWS & ANNOUNCEMENT നു താഴെ VIEW ALL എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- അവിടെ Click here to pay application fee for BSc MLT എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- സൗത്ത് ഇന്ത്യൻ ബാങ്കിന്റെ FEEBOOK പേജ് തുറന്നുവരും.
- ഈ പേജിലെ നിർദ്ദേശങ്ങൾ അനുസരിച്ചു RS 650 അടക്കുക.
- Transaction വിജയകരമായി പൂർത്തിയാക്കുമ്പോൾ സ്ക്രീനിൽ വരുന്ന ഡീറ്റെയിൽസ് പ്രിന്റ് ചെയ്തു സൂക്ഷിക്കുക.

## വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാൻ വേണ്ടത്:

*[രജിസ്റ്റർ ചെയ്യാനായി ഞങ്ങളുടെ വെബ്സൈറ്റിലേക്ക് പ്രവേശിക്കും മുൻപ് താഴെ പറയുന്ന കാര്യങ്ങൾ കൈവശം ഉണ്ടെന്നു ഉറപ്പു വരുത്തുക: ശരിയായ ഒരു ഇമെയിൽ അഡ്രസ് (സ്വന്തമായ ഇമെയിൽ ഇല്ലാത്ത പക്ഷം ഇമെയിൽ ഐഡി സ്വന്തമാക്കുക); സ്വന്തം പാസ്സ്പോർട്ട് സൈസ് ഫോട്ടോ അപ്ലോഡ് ചെയ്യണം (JPEG ഫോർമാറ്റിൽ 50 kb യിൽ കൂടാത്തതും 200 x 150 px വലുപ്പത്തിലുള്ളത്; ഡിഡി യുടെ ഡീറ്റെയിൽസ് or സൗത്ത് ഇന്ത്യൻ ബാങ്ക് FEEBOOK ഇൽ പൈസ അടച്ചപ്പോൾ എടുത്ത പ്രിന്റൗട്ട്]*

മുകളിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ കൈവശം ഉണ്ടെന്നു ഉറപ്പുവരുത്തിയാൽ,

- www.limen.in എന്ന വെബ്സൈറ്റിൽ NEWS & ANNOUNCEMENT നു താഴെ VIEW ALL എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- അവിടെ Click here to apply online for BSc MLT എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- തുറന്നു വരുന്ന പേജിൽ, നിങ്ങളുട email id, mobile phone number, date of birth എന്നിവ പൂരിപ്പിച്ചു REGISTER ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ, നിങ്ങളുടെ ഈമെയിലിലേക്കു നിങ്ങളുടെ applicant id ഉം password ഉം എത്തും.
- മറ്റൊരു വിൻഡോയിൽ നിങ്ങളുടെ ഇമെയിൽ ഓപ്പൺ ചെയ്യുക. ഞങ്ങൾ അയച്ചിരിക്കുന്നു ഇമെയിൽ തുറന്നു applicant id ഉം password ഉം തയ്യാറാക്കി വയ്ക്കുക.
- നേരത്തെ നിങ്ങളുടെ ഡീറ്റെയിൽസ് നൽകിയ പേജിലേക്ക് വീണ്ടും പോകുക. അവിടെ *Return to the login page. Click Here* എന്ന് കാണും. അതിൽ ക്ലിക്ക് ചെയ്യുമ്പോൾ, applicant id, password എന്നിവ നൽകാനുള്ള സ്ഥലം കാണും. അവിടെ ഇവ നൽകി നിങ്ങൾ ലോഗിൻ ചെയ്യുക.
- ഈ പേജിൽ, ഡിഡി ആയാണ് അപേക്ഷ ഫീസ് അടച്ചതെങ്കിൽ, ഡിഡി യുടെ ഡീറ്റെയിൽസ് (DD നമ്പർ, Date, Issuing Bank എന്നിവ) നൽകുക. അതല്ല, FEEBOOK വഴിയാണെങ്കിൽ, Transaction id യുടെ അവസാന അഞ്ച് അക്കങ്ങളും Transaction date ഉം നൽകുക.
- അതിനു ശേഷം NEXT STEP ബട്ടൺ ക്ലിക്ക് ചെയ്യുക.

**അപേക്ഷ ഫോം ഓൺലൈനിൽ പൂരിപ്പിച്ചു സമർപ്പിക്കുന്ന ഘട്ടമാണ് ഇനി:**

- ഈ പേജിൽ നിങ്ങളുടെ പേർസണൽ ഇൻഫർമേഷൻ നൽകാനുള്ള ചോദ്യങ്ങളാണുള്ളത്. അവയെല്ലാം നൽകിയതിന് ശേഷം, NEXT STEP ക്ലിക്ക് ചെയ്യുക.
- തുടർന്ന് വരുന്ന പേജിൽ, നിങ്ങളുടെ കമ്മ്യൂണിറ്റി quota യുമായി ബന്ധപ്പെട്ട വിവരങ്ങളാണ് നൽകേണ്ടത്. അത് നൽകിയ ശേഷം, NEXT STEP ക്ലിക്ക് ചെയ്യുക.
- അപ്പോൾ ലഭിക്കുന്ന പേജിൽ, നിങ്ങളുടെ അക്കാഡമിക് വിവരങ്ങൾ നല്കാനുള്ളതാണ്. അവ നൽകിയ ശേഷം, NEXT STEP പ്രസ് ചെയ്യുക. അപ്പോൾ നിങ്ങള്ക്ക് ഒരു പ്രിവ്യു കാണാനാവും.
- ശ്രദ്ധയോടെ അത് വായിച്ചു നോക്കി, പൂരിപ്പിച്ച കാര്യങ്ങളിൽ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ, തിരുത്താൻ, PREVIOUS STEP ബട്ടണിൽ പ്രസ് ചെയ്യുക.
- തെറ്റുകൾ തിരുത്തി, എല്ലാം ശരിയാണെന്നു ബോധ്യം വന്നാൽ, Joint Declaration നു താഴെ കാണുന്ന Agree ബോക്സ് tick ചെയ്യുക. അതിനു ശേഷം FINISH ബട്ടൺ ക്ലിക്ക് ചെയ്യുക.
- നിങ്ങളുടെ ഓൺലൈൻ അപേക്ഷ ഫോമിന്റെ പൂരിപ്പിക്കൽ പൂർത്തിയായി.

* ഒറ്റയടിക്ക് ഓൺലൈനിൽ അപേക്ഷ ഫോം പൂരിപ്പിക്കണം എന്നില്ല. നിങ്ങളുടെ applicant id ഉം password ഉം ഉപയോഗിച്ചു എപ്പോൾ വേണമെങ്കിലും ഓൺലൈൻ അപേക്ഷ ഫോമിൽ കയറി നിങ്ങള്ക്ക് വിവരങ്ങൾ പൂരിപ്പിക്കാം. അവസാന പേജിലെ FINISH ബട്ടൺ ക്ലിക്ക് ചെയ്താൽ പിന്നീട് എഡിറ്റ് ചെയ്യാൻ സാധിയ്ക്കില്ല.

* നിങ്ങളുടെ ഈമെയിലിൽ നിങ്ങൾ പൂരിപ്പിച്ചു സമർപ്പിച്ച അപേക്ഷ ഫോമിന്റെ ഒരു pdf കോപ്പി നിങ്ങള്ക്ക് കിട്ടും. നിങ്ങളുടെ inbox ഇൽ ഇമെയിൽ കാണുന്നില്ലെങ്കിൽ, spam box തുറന്നു നോക്കുക. ഈ pdf file ഇൽ തുടർന്ന് ചെയ്യേണ്ട കാര്യങ്ങളുടെ ഒരു ലിസ്റ്റ് കൂടി കാണും.

**പൂരിപ്പിച്ച അപേക്ഷ ഫോം കോളേജ് ഓഫീസിൽ എത്തിക്കൽ**

- ഈമെയിലിൽ കിട്ടിയ pdf ഫയൽ പ്രിന്റ് ചെയ്തു നിശ്ചിത ദിവസത്തിനകം ലിസി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസ്സിന്റെ ഓഫീസിൽ ആവശ്യമായ സെർടിഫിക്കറ്റുകളുടെ self attested കോപ്പികളോടൊപ്പം രജിസ്റ്റേഡ് തപാലായോ / നേരിട്ടോ 2019 ജൂലൈ അഞ്ചാം തിയതി 4.00 pm-ന് മുൻപായി എത്തിക്കേണ്ടതാണ്.
- നിങ്ങളുടെ പൂരിപ്പിച്ച അപേക്ഷ ഫോമിന്റെ പ്രിന്റ് ചെയ്ത കോപ്പിയും സെർട്ടിഫിക്കറ്റുകളുടെ കോപ്പികളും ഓഫീസിൽ എത്തുന്ന പക്ഷം, അത് ഓഫീസിൽ എത്തിയതായി കാണിച്ചു

നിങ്ങൾക്കു ഒരു ഇമെയിൽ വരും. പ്രസ്തുത ഇമെയിൽ ലഭിക്കാത്ത പക്ഷം, നിങ്ങളുടെ അപേക്ഷ ഞങ്ങളുടെ ഓഫീസിൽ സ്വീകരിച്ചിട്ടില്ല എന്നു മനസ്സിലാക്കേണ്ടതാണ്. അത്തരം സാഹചര്യങ്ങളിൽ, ഞങ്ങളുടെ ഓഫീസുമായി ഫോണിൽ (0484 2755049 [രാവിലെ 8 മണി മുതൽ ഉച്ചതിരിഞ്ഞു 4 മണി വരെ]) ബന്ധപ്പെട്ടു, അപേക്ഷ ഫോം ഇവിടെ എത്തിക്കാനായി വേണ്ട നടപടികൾ നിങ്ങൾ സ്വീകരിക്കേണ്ടതാണ്.

* വൈകിയോ, പൂർത്തിയാകാതെയോ ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

*റാങ്ക് ലിസ്റ്റിന്റെ പ്രസദ്ധീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, പ്രോസ്പെക്ട് സിൽ വിശദമായി നൽകിയിട്ടുള്ളത് വായിച്ചു മനസിലാക്കുക.*

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ (കോപ്പികൾ മാത്രം):**

1. പാസ്സ്പോർട്ട് സൈസ് ഫോട്ടോ

2. യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)

3. SSLC / 10 th ക്ലാസ്സിലെ സർട്ടിഫിക്കറ്റ് (ജനന തിയതി രേഖപ്പെടുത്തിയ പേജ്, സ്വയം സാക്ഷ്യപ്പെടുത്തിയത്)

4. DD -യുടെ ഒറിജിനൽ / ഓൺലൈനായി ഫീസടച്ചതിൻ്റെ രസീത്

5. ആധാർ കാർഡ്

6. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്

7. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

8. സ്വഭാവ സർട്ടിഫിക്കറ്റ്

9. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ)

10. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്

11. സംവരണം ചെയ്ത സീറ്റുകളിൽ പ്രവേശനം തേടുന്നവർ അത് തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സമർപ്പിക്കേണ്ടതാണ്

( ഇടവക വികാരി / റവന്യൂ അധികാരികൾ എന്നിവരിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിൻ്റെ പകർപ്പ്)

12. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (അഡ്മിഷൻ സമയത്തു കൊണ്ടുവന്നാൽ മതിയാകും)